**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **11.02.2020-ൽ മറുപടിക്ക്**

**നമ്പർ.1881**

**എറണാകുളം ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്കുള്ള നിയമനം**

**ചോദ്യം** **ഉത്തരം**

**ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** **പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | എറണാകുളം ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്ക് (Cat No. 71/2017) ഏതെല്ലാം വകുപ്പുകളിൽ നിന്നാണ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത്; വിശദാംശം നൽകുമോ; | (എ) | ഗവൺമെന്റ് സെക്രട്ടേറിയറ്റ്, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, നിയമസഭ സെക്രട്ടേറിയറ്റ്, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, എന്നീ വകുപ്പുകൾ ഒഴികെയുള്ള വിവിധ സർക്കാർ വകുപ്പുകളിൽ നിന്നുമാണ് പി.എസ്.സി.ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത്. |
| (ബി) | ഈ വകുപ്പുകളിലും അതിന്റെ കീഴിലുള്ള ഓഫീസുകളിലും ഈ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വേർതിരിച്ച് നൽകാമോ; ഈ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട്ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; | (ബി) യും (സി) യും | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) | ഈ വകുപ്പുകളിലും അതിന്റെ കീഴിലുള്ള ഓഫീസുകളിലും 2020 ജനുവരി മുതൽ 2020 ഡിസംബർ വരെ ഈ തസ്തികയിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ എണ്ണം വേർതിരിച്ച് നൽകാമോ; | | |
| (ഡി) | ഈ തസ്തികയിൽ ഉള്ള ഒഴിവുകൾ എത്രയുംവേഗം പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് റിപ്പോർട്ട് ചെയ്യാനുള്ള നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും/ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന്റെ പുരോഗതി സംബന്ധിച്ച് വിവിധ കാര്യാലയങ്ങളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം നേരിട്ട് |

| | | | |
|---|---|---|---|
| | | | പരിശോധനകൾ നടത്തി വരുന്നു. പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ അത് കണ്ടെത്തി പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ